## വഴിവെളിച്ചം

# ദാമ്പത്യം: ബാധ്യതകളും പ്രതിഫലവും

عَن أَبي سَعيد الخُدريِّ رَضي اللَّهُ عنه قَالَ: قَالَ رَسُولُ اللَّهِ ﷺ إِنَّ الرَّجُلَ إِذَا نَظَرَ إِلَى امرَأَتِه وَنَظرَتْ إِلَيْهِ نَظَرَ اللَّهُ تَعَالَى إِلَيهِمَا نَظْرَةَ رَحْمَةٍ، فَإِذَا أَخَذَ بِكَفِّهَا تَسَاقَطَتْ ذُنُوبُهُمَا مِنْ خِلَالِ أَصَابِعِهِمَا.

**അബൂസഈദിൽ ഖുദ്‌രി(റ)യിൽനിന്ന്: നബി(സ) പറഞ്ഞു: "ഒരു പുരുഷൻ ഭാര്യയെയും അവൾ അയാളെയും നോക്കിയാൽ അവരിരുവരെയും കാരുണ്യപൂർവം അല്ലാഹു കടാക്ഷിക്കും. ഇനി അയാൾ തന്റെ ഭാര്യയെ ഹസ്തദാനം ചെയ്താൽ അവർ ചെയ്ത പാപങ്ങൾ അവരുടെ കൈവിരലുകൾക്കിടയിലൂടെ ഊർന്ന് വീഴും."***

**ദാമ്പത്യ** ജീവിതത്തിൽ ഭാര്യയും ഭർത്താവും പരസ്പരം പുലർത്തേണ്ട സ്നേഹ കാരുണ്യ വികാരങ്ങളിലേക്ക് വിരൽചൂണ്ടുന്ന നബിവചനമാണിത്. ദാമ്പത്യത്തേക്കാൾ വിശുദ്ധവും ആനന്ദകരവുമായ മറ്റൊരു ബന്ധവും മനുഷ്യജീവിതത്തിലില്ല. സ്ത്രീയും പുരുഷനും ഇഴുകിച്ചേർന്ന് ഒന്നായി ഒഴുകുകയാണ് ദാമ്പത്യത്തിൽ. ഖുർആൻ ഓർമപ്പെടുത്തുന്നു: "നിങ്ങൾക്ക് നിങ്ങളിൽനിന്നുതന്നെയുള്ള ഇണകളെ സൃഷ്ടിച്ചുതന്നത് അല്ലാഹുവാണ്; നിങ്ങൾ പരസ്പരം ചേർന്ന് ശാന്തി നുകരുന്നതിനുവേണ്ടി. നിങ്ങൾക്കിടയിൽ അവൻ സ്നേഹവും കാരുണ്യവും ഉണ്ടാക്കിയിരിക്കുന്നു. ഇതെല്ലാം അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. ചിന്തിക്കുന്ന ജനത്തിന് ഇതിലെല്ലാം നിരവധി ദൃഷ്ടാന്തങ്ങളുണ്ട്" (അർറൂം: 21).

ഭാര്യയും ഭർത്താവും ഒരുപോലെ ശ്രദ്ധിച്ചാലേ ദാമ്പത്യജീവിതം മനോഹരമാകൂ. ഭാര്യയോട് മാന്യമായി പെരുമാറാൻ ഭർത്താവും ഭർത്താവിനോട് നന്നായി വർത്തിക്കാൻ ഭാര്യയും ശ്രദ്ധിക്കണം. അല്ലാഹു പറയുന്നു: "നിങ്ങൾ സ്ത്രീകളോട് ഏറ്റവും നന്നായി പെരുമാറുക" (അന്നിസാഅ് 19). "അവർക്ക് ബാധ്യതകളുള്ളതുപോലെ തന്നെ പുരുഷന്മാരിൽനിന്ന് ലഭിക്കേണ്ട ന്യായമായ ചില അവകാശങ്ങളുമുണ്ട്" (അൽബഖറ 228).

ഒരാൾ പ്രവാചകനോട് ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾക്ക് ഞങ്ങളുടെ ഭാര്യമാരോടുള്ള കടമകളെന്തെല്ലാമാണ്?" അവിടുന്ന് പറഞ്ഞു: "നീ ആഹരിച്ചാൽ അവളെയും ആഹരിപ്പിക്കുക; നീ വസ്ത്രം ധരിച്ചാൽ അവളെയും വസ്ത്രം ധരിപ്പിക്കുക; മുഖത്തടിക്കുകയോ അസഭ്യം പറയുകയോ ചെയ്യരുത്; വീട്ടിൽ വെച്ചല്ലാതെ അവളോട് പിണങ്ങി നിൽക്കുകയുമരുത്" (അബൂദാവൂദ് 2142, ഇബ്നുമാജ 1850, ഹാകിം 2/187). മറ്റൊരിക്കൽ പറഞ്ഞു: "നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഭാര്യമാരോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ്; തീർച്ചയായും ഞാൻ എന്റെ ഭാര്യമാരോട് ഏറ്റവും നന്നായി വർത്തിക്കുന്നവനത്രെ" (തിർമിദി 3895, ഇബ്നുമാജ 1977, ഹാകിം 4/173).

അനസ്(റ) പറയുന്നു: "ജനങ്ങളിൽ ഭാര്യമാരോട് ഏറ്റവുമധികം തമാശ പറയുന്ന ആളായിരുന്നു നബി(സ)" (ബസ്സാർ). ഒരിക്കൽ എത്യോപ്യയിൽനിന്നും ചിലർ മദീനയിൽവന്ന് ആയുധപ്രകടനം നടത്തിയപ്പോൾ അതു വീക്ഷിക്കാൻ നബി(സ), ആഇശ(റ)യെ ക്ഷണിക്കുകയുണ്ടായി.

തന്നെ വിമർശിക്കാനും എതിർക്കാനുമുള്ള സ്വാതന്ത്ര്യം പോലും നബി(സ) ഭാര്യമാർക്ക് വകവെച്ചുകൊടുത്തിരുന്നു. ഏകപക്ഷീയമായി കൽപനകൾ പുറപ്പെടുവിക്കുകയും അതനുസരിക്കാൻ ഭാര്യമാരെ നിർബന്ധിക്കുകയും ചെയ്യുന്ന പരുക്കൻ സ്വഭാവമായിരുന്നില്ല അദ്ദേഹത്തിന്റേത്. ആക്ഷേപങ്ങൾ പക്വതയോടെ കേൾക്കുകയും ഉൾക്കൊള്ളുകയും ചെയ്യും.

ഒരിക്കൽ ആഇശ(റ)യും പ്രവാചകനും തമ്മിൽ ചെറുതായൊന്ന് പിണങ്ങി. ദേഷ്യത്തോടെ ആഇശ(റ) പറഞ്ഞു: "നിങ്ങളാണോ അല്ലാഹുവിന്റെ റസൂലെന്ന് വാദിക്കുന്ന വ്യക്തി?" ഇതുകേട്ട് ഒന്ന് പുഞ്ചിരിക്കുക മാത്രമാണ് നബി(സ) ചെയ്തത്! (അബൂയഅ്ല, അബൂശൈഖ്). അവിടുന്ന് പറയാറുണ്ടായിരുന്നു: "ആഇശാ, എനിക്കറിയാം, നീ എപ്പോഴാണ് എന്നോട് ദേഷ്യപ്പെടുന്നതെന്നും എപ്പോഴാണ് എന്നെ ഇഷ്ടപ്പെടുന്നതെന്നും!" അവർ ചോദിച്ചു: "അതെങ്ങനെയാണ്?" നബി(സ) പറഞ്ഞു: "എന്നെ ഇഷ്ടമാണെങ്കിൽ നീ പറയും: 'മുഹമ്മദിന്റെ നാഥനാണ് സത്യം' എന്ന്. എന്നോട് ദേഷ്യമുള്ള സമയത്താണെങ്കിൽ 'ഇബ്റാഹീമിന്റെ നാഥനാണ് സത്യം' എന്നായിരിക്കും നീ പറയുക.' ആഇശ ചിരിച്ചുകൊണ്ട് പറഞ്ഞു: "ശരിയാണ്; എങ്കിലും, നിങ്ങളുടെ പേരിനോടല്ലാതെ, നിങ്ങളോട് ഞാൻ പിണങ്ങാറില്ല!" (ബുഖാരി-മുസ്‌ലിം).

ഭർത്താവിന് ഭാര്യയോടെന്നപോലെ, ഭാര്യക്ക് ഭർത്താവിനോടും കടമകളും കടപ്പാടുകളുമുണ്ട്. നബി(സ) പറഞ്ഞു: "അഞ്ചുനേരത്തെ നമസ്കാരം നിർവഹിക്കുകയും റമദാനിൽ നോമ്പെടുക്കുകയും തന്റെ പാതിവ്രത്യം സംരക്ഷിക്കുന്നതോടൊപ്പം ഭർത്താവിനെ അനുസരിക്കുകയും ചെയ്ത സ്ത്രീയോട് അന്ത്യനാളിൽ ഇപ്രകാരം പറയപ്പെടും: ഇഷ്ടമുള്ള കവാടത്തിലൂടെ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളൂ" (അഹ്മദ് 1/191, ത്വബ്റാനി - ഔസത്ത്).

നിസാരമെന്ന് തോന്നുന്ന കാര്യങ്ങൾക്കു പോലും ദാമ്പത്യ ജീവിതത്തിൽ വലിയ പ്രാധാന്യമുണ്ട്. ആർദ്രമായ ഒരു നോട്ടം, സ്നേഹപൂർണമായ ഒരു തലോടൽ, ഇത്തിരി വാക്കുകൾ ചിലപ്പോൾ ദാമ്പത്യ ജീവിതത്തെ അടിമുടി ഊഷ്മളവും ആനന്ദ നിർഭരവുമാക്കാം. ഒരു വാക്കിന്റെ, ഒരു നോട്ടത്തിന്റെ, ഒരു സ്പർശനത്തിന്റെ അഭാവമായിരിക്കും ചിലപ്പോൾ വലിയ പ്രശ്നങ്ങളായി മാറുക. ഇണയുടെ നേരെയുള്ള പ്രണയാർദ്രമായ ഒരു മന്ദഹാസം ചില നേരങ്ങളിൽ പ്രശ്നങ്ങളുടെ തീക്കടലുകളെ മുഴുവൻ ഇല്ലാതാക്കിയേക്കും! സ്നേഹം പ്രകടിപ്പിക്കാനുള്ളതാണ്; മനസ്സിൽ കൊണ്ടുനടക്കാനുള്ളതല്ല എന്ന ഒരാശയം കൂടി ഈ നബിവചനം ഉൾക്കൊള്ളുന്നുണ്ട്. ■

**ജഅ്ഫർ എളമ്പിലാക്കോട്**

** ഇമാം സുയൂതി 'ജാമിഉസ്സഗീറി'ൽ ഉദ്ധരിച്ചത്. നിവേദക പരമ്പര 'സ്വഹീഹ്' ആണെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു (ജാമിഉസ്സഗീർ, ഹദീസ് നമ്പർ: 1977).*